# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1723 — 04/12/2015-ൽ മറുപടിയ്ക്ക്

### "എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി"

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചുനക്കര, നൂറനാട് പഞ്ചായത്തുകളിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഓഫീസും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി എൽ. എസ്. ജി. ഡി എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) യും (സി) യും | പ്രസ്തുത പ്രവൃത്തികൾക്കായി മണ്ണ് പരിശോധന നടത്തി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈനു വേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ലഭിച്ചാലുടൻ തന്നെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (ഡി) | നൂറനാട് മുക്കാട് തോടിൽ പാലം നിർമ്മിക്കുന്നതിന്എം. എൽ. എ - എ. ഡി. എസ്. -ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ